## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 01.10.2025 മുതൽ 05.10.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 39/2025 (78) ചൊവ്വാഴ്ച | തീയ്യതി 30/09/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 01.10.2025 | 02.10.2025 | 03.10.2025 | 04.10.2025 | 05.10.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 0.1 | 0.3 | 0.2 | 0.3 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 320 | 340 | 290 | 340 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 7 | 7 | 6 | 7 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) മൂപ്പെത്തിയ പരുവം | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലെങ്കിൽ കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ പത്ത് മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| നെല്ല് (മുണ്ടകൻ) | നിലം ഒരുക്കൽ | മുണ്ടകൻ കൃഷിക്കായി നിലം ഒരുക്കുമ്പോൾ കുമ്മായം ഇട്ടുകൊടുക്കുക. ഞാറ്റടി തയ്യാറാക്കുന്നതിന് മുൻപ് വിത്ത് സ്യൂഡോമോണോസുമായി കൂട്ടിക്കലർത്തുന്നത് രോഗബാധയകറ്റുന്നതിന് സഹായിക്കും. ഒരു കിലോഗ്രാം വിത്തിന് പത്ത് ഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തുക. |
| വാഴ | ഇലപ്പുള്ളി രോഗം | വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽചേർത്ത് കുളിർക്കെതളിക്കുക. ഇലപ്പുള്ളിരോഗം കാണുകയാണെങ്കിൽ ഒരു മി.ലി ഹെക്സാകൊണാസോൾ അല്ലെങ്കിൽ ഒരു മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിൽ പതിയക്കവിധം കുളിർക്കെതളിക്കുക. |
| കുരുമുളക് | പൊള്ളു രോഗം | അന്തരീക്ഷ ആർദ്രത കൂടുമ്പോൾ കുരുമുളക് ചെടികളിൽ പൊള്ളുരോഗം കാണാൻ സാധ്യതയുണ്ട്. തോട്ടത്തിലെ തണൽ ക്രമീകരിക്കുകയും, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുകയും ചെയ്യുക. |

മൃഗസംരക്ഷണം-: എലിപ്പനിക്കും, പരാദ രോഗങ്ങൾക്കുമെതിരെ ജാഗ്രത പുലർത്തുക. ശരീരത്തിലുണ്ടാകുന്ന മുറിവുകൾക്ക് അടിയന്തിര ശ്രദ്ധ നൽകുക. കന്നുകാലി ഷെഡ്ഡും പരിസരവും ശുചിയായി സൂക്ഷിക്കുക. (CAADECCS, KVASU, Mannuthy)